ഒരു നേരെത്തെ വിശപ്പടക്കാൻ വകയില്ലാതെ നരകയാതന അനുഭവിച്ചുകൊണ്ടിരിക്കുന്ന പരശ്ശതം മനുഷ്യമക്കളെക്കുറിച്ച് ചിന്തിക്കാൻ വ്രതത്തിന്റെ ദിനങ്ങൾ വിശ്വാസിയെ നിർബന്ധിതനാക്കുന്നു. വർഷത്തിൽ പതിനൊന്ന് മാസം സുഭിക്ഷമായി ആഹരിച്ച് ജീവിക്കുമ്പോൾ തന്റെ ചുറ്റുമുള്ള പട്ടിണി പാവങ്ങളെക്കുറിച്ച് അവൻ അശ്രദ്ധനായിരുന്നേക്കാം വ്രതത്തിലൂടെ വിശപ്പിന്റെ തീനാമ്പുകൾ സ്വയം സ്പർശിക്കുന്നതോടെ വിശ്വാസിയുടെ മനമുരുകുന്നു. അഗതികൾക്കും അശരണർക്കും അവന്റെ കാരുണ്യത്തിന്റെ ചിറകുകൾ തണൽ വിരിക്കാൻ അത് ഹേതുവാകും. അത്വഴി ആതുരസേവനത്തിന്റെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടേയും ഉദാത്ത മാതൃകകൾ അവനിൽ തഴച്ചു വളരും.

പ്രയോഗിക പരീക്ഷണ ശിക്ഷണത്തിലൂടെ അല്ലാഹുവിന് വേണ്ടി സ്വയം സമർപ്പിക്കാനുള്ള സന്നദ്ധത വളർത്തുകയാണ് റമളാനിലെ ദിനരാത്രങ്ങൾ, അല്ലാഹുവിന്റെ സംതൃപ്തി നേടിയെടുക്കാൻ വേണ്ടി ശരീരേഛകളോട് ശക്തമായ സംഘട്ടനങ്ങളിലേർപ്പെട്ട് അവക്ക് വിലങ്ങിടുന്ന വിശ്വാസി തീർച്ചയായും അവർണനീയമായ പ്രതിഫലത്തിന് അർഹനാണ്.' നോമ്പ് എനിക്കുള്ളതാണ് അതിന് ഞാൻ തന്നെ പ്രതിഫലം നൽകു'മെന്ന അല്ലാഹുവിന്റെ പ്രഖ്യാപനം ഇതാണ് സൂചിപ്പിക്കുന്നത്,.

Printed and Published by Sathya Sarani,
P.B. No. 23, Manjeri - 676 121



# നമ്മുടെ ഇസ്‌ലാം — 5

സത്യസരണി

കർമ്മാനുഷ്ഠാനം - തുടർച്ച

# സക്കാത്ത് നിർബന്ധദാനം

മനുഷ്യന്റെ നിലനിൽപ്പിന്റെ ആധാര ശിലയാണ് സമ്പത്തെന്ന് വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നു. ഉദാഹരണങ്ങൾ ഏറെ നിരത്താതെ തന്നെ ഗ്രഹിക്കാവുന്ന യാഥാർത്ഥ്യമാണിത്. സാമ്പത്തിക പ്രതിസന്ധി അഥവാ ദാരിദ്ര്യം മനുഷ്യനെ സത്യനിഷേധത്തിലേക്ക് പോലും നയിക്കുമെന്ന് മുഹമ്മദ് നബി(സ പറഞ്ഞത് ഇവിടെ പ്രത്യേകം സ്മരണീയമാണ്. സാമ്പത്തിക ദൗർലഭ്യത മനുഷ്യനെ മോഷ്ടാവും വ്യഭിചാരിയും കൊലയാളിയും അവിശ്വാസിയും ആക്കി തീർത്തതിന് ധാരാളം ഉദാഹരണങ്ങൾ ഉണ്ടല്ലോ.

സാമ്പത്തിക ഭദ്രതയും സുഭിക്ഷതയും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. എങ്കിലും സാമ്പത്തിന്റെ നീതി പൂർവ്വകമായ വിതരണത്തിലൂടെ മനുഷ്യരാശി അകപ്പെട്ടിട്ടുള്ള ഒട്ടുവളരെ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്താൻ കഴിയും. സമ്പത്തിന്റെ സമ്പാദനം, വിനിയോഗം എന്നിവയെ ആടിസ്ഥാനമാക്കി ലോകത്ത് രണ്ടു വലിയ പ്രത്യയശാസ്ത്രങ്ങൾ ജൻമം കൊണ്ടിട്ടുണ്ട്. മുതലാളിത്തവും കമ്മ്യൂണിസവും പേരു സൂചിപ്പിക്കുന്നത് പോലെതന്നെ മുതലാളിത്തം പണക്കാരന്റെ താൽപര്യം സംരക്ഷിക്കാനും ദരിദ്രരെ കൂടുതൽ ദാരിദ്രത്തിലേക്ക് തള്ളിവിടാനും സഹായിച്ചപ്പോൾ അതിനെതിരെ കമ്മ്യൂണിസം ഉയർന്ന്വന്നു. പക്ഷെ, കമ്മ്യൂണിസത്തിലെ

അശാസ്ത്രീയവും നിഷേധാത്മകവുമായ സമീപനങ്ങൾ അതിനെയും അസ്വീകാര്യമാക്കിയിരിക്കുന്നു.

നാം ഗ്രഹിച്ചതുപോലെ ഇസ്ലാം മനുഷ്യന്റെ ജീവിത വഴിയാണ്, സാമ്പത്തിക രംഗത്ത് അന്യൂനമായ നിയമങ്ങൾ കാഴ്ചവെക്കുകയും പ്രായോഗിക തലത്തിൽ അവ തെളിയിക്കുകയും ചെയ്തിട്ടുള്ളത് ഇസ്ലാം മാത്രമാണ്. ഇസ്ലാമിലെ സാമ്പത്തിക വിതരണ ക്രമത്തിലെ ഒരിനമാണ് സകാത്ത്. ഇസ്ലാമിക അനുഷ്ഠാന മുറകളിൽ ഇതിന് മൂന്നാം സ്ഥാനമാണ് നൽകിയിരിക്കുന്നത്.

ധനികരുടെ സമ്പത്തിൽനിന്ന് ഒരു നിശ്ചിത വിഹിതം അർഹരായ ദരിദ്രർക്ക് നൽകുന്നതാണ് സകാത്തിന്റെ കാതൽ. സക്കാത്ത് ധനികരുടെ ഔദാര്യമല്ല; ദരിദ്രരുടെ അവകാശമാണ്. ദരിദ്രന്റെ ഈ അവകാശം നൽകാൻ വിസമ്മതിക്കുന്ന ധനികരിൽ നിന്ന് അയാൾ നൽകേണ്ട നിശ്ചിത വിഹിതം ബലമായി പിടിച്ചു വാങ്ങി ദരിദ്രർക്ക് വിതരണം ചെയ്യണമെന്ന് ഇസ്ലാം അനുശാസിക്കുന്നു.

സമൂഹത്തിലെ ഒരു ഭാഗം സന്തോഷഭരിതരായി സുഭിക്ഷതയിൽ ജീവിക്കുമ്പോൾ, ഒരു നേരത്തെ വിശപ്പടക്കാൻ വകയില്ലാതെ നിത്യ ദാരിദ്ര്യത്തിന്റെ നെരിപ്പോടിൽ വെന്തുരുകുകയാണ്. മറുഭാഗം, ഇത്തരം സാമ്പത്തിക അസന്തുലിതത്വം ഒരിക്കലും പൊറുപ്പിച്ചുകൂടെന്ന് ഇസ്ലാം കരുതുന്നു, പണക്കാരന് ഏറെ ന്യായങ്ങൾ പറയാനുണ്ടാകും. തന്റെ കഴിവും സാമർത്ഥ്യവും





അധ്വാനവുംമൂലം നേടിയതാണ് സ്വത്തെന്ന് അവൻ പറഞ്ഞിരിക്കും. പക്ഷെ, ഇസ്ലാം ഇത്തരം ന്യായവാദങ്ങളൊന്നും അംഗീകരിക്കുന്നില്ല. സമ്പത്തിന്റെ സാക്ഷാൽ ഉടമസ്ഥൻ മനുഷ്യനല്ലെന്നും അത് അല്ലാഹുവാണെന്നും ഇസ്ലാം പ്രഖ്യാപിക്കുന്നു. പണക്കാരുടെ കൈകളിൽ സമ്പത്ത് താൽക്കാലികമായി സൂക്ഷിക്കാൻ അല്ലാഹു ഏൽപിച്ചതാണ്. അതിന്റെ ഉടമസ്ഥനായ അല്ലാഹു പറയുന്നതനുസരിച്ച് അത് വിതരണം ചെയ്യേണ്ടത് മനുഷ്യന്റെ ബാധ്യതയാണന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

അപരന്റെ ആവശ്യങ്ങൾക്കുവേണ്ടി പണംചെലവഴിക്കാൻ പൊതുവെ വൈമുഖ്യമുള്ളവനാണ് മനുഷ്യൻ. സ്വന്തം ആഢംബരങ്ങൾക്ക് വേണ്ടി കോടികൾ തുലച്ചുകളയുന്ന ദുർവ്യയക്കാർപോലും പാവപ്പെട്ടവന് ഒരു നേരത്തെ ആഹാരത്തിനുള്ള വക നൽകുന്നതിൽ പിശുക്കു കാണിക്കുന്നതായാണ് നാം കാണുന്നത്. സമ്പത്ത് തന്റേതാണ്. തനിക്ക് ഉപയോഗിക്കാനുള്ളതാണ് തുടങ്ങിയ അഹം ചിന്തകളാണ ഇതിന് മനുഷ്യനെ പ്രേരിപ്പിക്കുന്നത്. ഇസ്ലാം ആദ്യമായി ഇത്തരം അഹം ബോധത്തെ മനഃശാസ്ത്രപരമായി ചികിത്സിക്കുന്നു. അതിനായി സാമ്പത്തിന്റെ ഉടമ അല്ലാഹുവാണെന്ന് വിശ്വാസിയെ ഇസ്ലാം ആവർത്തിച്ചു ബോധ്യപ്പെടുത്തുന്നു. മനസ്സിന്റെ ചെപ്പിൽ ഈ വിശ്വാസം സൂക്ഷിക്കാൻ നിർബന്ധിതനാകുന്ന വിശ്വാസിയിൽ നിന്ന് എല്ലാതരം തൻപോരിമകളും അപ്രത്യക്ഷമാകുമെന്ന് പറയേണ്ടതില്ലല്ലോ.

അതോടെ പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ അല്ലാഹു

ഏൽപ്പിച്ച സമ്പത്ത് അശേഷം മടിയില്ലാതെ ചെലവഴിക്കാൻ അവൻ പ്രാപ്തനായി മാറുന്നു.

ഇസ്ലാമിലെ സകാത്ത് വ്യവസ്ഥിതി എപ്രകാരമാണ് സമൂഹത്തിൽ സാമ്പത്തിക സന്തുലനം സ്ഥാപിക്കുന്നതെന്ന് ഗ്രഹിക്കാൻ ചിലകാര്യങ്ങൾ പറയാം.

മനുഷ്യൻ സാമ്പത്തായി പരിഗണിക്കുന്ന കന്നുകാലികൾ, കൃഷിയുൽപന്നങ്ങൾ നാണ്യവിളകൾ, കച്ചവട വസ്തുക്കൾ, കറൻസി, സ്വർണ്ണം, വെള്ളി തുടങ്ങിയ എല്ലാ ഇനങ്ങളിൽ നിന്നും ഒരു നിശ്ചിത വിഹിതം സക്കാത്തായി നൽകണമെന്ന് ഇസ്ലാം കൽപിക്കുന്നു. ഉദാഹരണത്തിന് കറൻസിയുടെ കാര്യമെടുക്കാം. രണ്ടര ശതമാനമാണ് അതിൽ സക്കാത്തിന്റെ വിഹിതം ഒരു ധനികന്റെ കൈവശം പത്തുലക്ഷം രൂപയുണ്ടെന്നിരിക്കട്ടെ. അയാൾ അതിന്റെ രണ്ടര ശതമാനം അഥവാ ഇരുപത്തയ്യായിരം രൂപ സക്കാത്തായി അർഹരായവർക്ക് നൽകിയിരിക്കണം. ഒരാളുടെ പക്കൽ സ്വർണ്ണം. രത്നങ്ങൾ, ഷയർ തുടങ്ങി സക്കാത്ത് കൊടുക്കാൻ അർഹതപ്പെട്ട ഏതെങ്കിലും ഇനത്തിൽ ഒരു ലക്ഷം രൂപയുടെ മൂല്യം ഒരു വർഷം കയ്യിരുപ്പുണ്ടെങ്കിൽ അതിന്റെ രണ്ടര ശതമാനം അഥവാ രണ്ടായിരത്തി അഞ്ഞൂറു രൂപ സമൂഹത്തിലെ പാവപ്പെട്ടവർക്കുള്ളതാണ്. സക്കാത്തായി അത വർക്ക് നൽകണം. ബാക്കി വരുന്ന 97500 രൂപ വീണ്ടും ഒരു വർഷം അവന്റെ കയ്യിരിപ്പുണ്ടെങ്കിൽ അതിന്റെ രണ്ടര ശതമാനം അവൻ നൽകണം. ബാക്കിയുള്ളത് ഒരു വർഷം കയ്യിരുപ്പായി





ഉണ്ടെങ്കിൽ അതിന്റെ രണ്ടര ശതമാനം അവൻ നൽകണം. ഇങ്ങനെ ഈ ധനം ചുരുങ്ങി ചുരുങ്ങി ഒരു മനുഷ്യന്റെ അത്യാവശ്യത്തിന് മാത്രം മതിയാവുന്ന സംഖ്യ ശേഷിക്കുന്നത് വരെ അവൻ രണ്ടര ശതമാനം നൽകണം. ഈ ഘട്ടത്തിൽ രണ്ടു മാർഗ്ഗങ്ങൾ മനുഷ്യന്റെ മുമ്പിലുണ്ട്. ഒന്ന് പണം പലിശക്ക് കൊടുത്ത് വർദ്ധിപ്പിക്കുക. ഇതിനെ ഇസ്‌ലാം കർശനമായി വിലക്കുന്നു. കാരണം പലിശ ഏത് വിധത്തിലുള്ളതാണങ്കിലും ഇല്ലാത്തവന്റെ ഇല്ലായ്മയെ ചൂഷണം ചെയ്യാൻ ഉപയോഗപ്പെടുത്തുന്ന വ്യവസ്ഥിതിയാണ്. രണ്ടാമത്തെ മാർഗ്ഗം പണം കച്ചവടത്തിലൊ കൃഷിയിലൊ മറ്റു വരുമാന മാർഗ്ഗങ്ങളിലോ മുടക്കാം. ഏതിൽ മുടക്കിയാലും ആളുകൾക്ക് ജോലിയും അതിൽ നിന്ന് കൂടുതൽ ഉൽപാദനവും വരുമാനവും അതിന്റെ സക്കാത്തും വർദ്ധിച്ച്കൊണ്ടിരിക്കുന്നു. ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥകൾക്ക് തുല്ല്യമായി വ്യക്തിയുടേയും സമൂഹത്തിന്റെയും പുരോഗതിക്ക് ഉതകുന്ന ഒരു സാമ്പത്തിക വ്യവസ്ഥ എവിടെയുണ്ട്. പാവപ്പെട്ടവന്റെ അവകാശമായ സകാത്ത് കൊടുക്കാത്ത ധനികൻ അവകാശ ധ്വംസകനും കടുത്ത അക്രമിയുമാണെന്നും അവനിൽനിന്ന് അത്രയും തുക അധികാരികൾ ബലം പ്രയോഗിച്ച് പിടിച്ചു വാങ്ങണമെന്നും ഇസ്ലാം പറയുന്നു.

-- ആലോചിച്ച് നോക്കൂ! നമ്മുടെ നാട്ടിലെ മുഴുവൻ ധനികരും അവരവരുടെ സ്വത്തിൽ നിന്നുള്ള സകാത്തിന്റെ വിഹിതം കൃത്യമായി നൽകുന്നുവെങ്കിൽ അഥവാ നൽകാൻ വിസമ്മതിക്കുന്നവരിൽ നിന്ന് പിടിച്ചു വാങ്ങാനുള്ള ഉത്തരവാദപ്പെട്ടവരുടെ

ശ്രമങ്ങളുണ്ടെങ്കിൽ രാജ്യത്ത് ദാരിദ്രമുണ്ടാകുമോ? ഒരിക്കലുമില്ല.

ഒരു കേന്ദ്രീകൃത വ്യവസ്ഥിതിക്ക് കീഴിലായിരിക്കണം സകാത്ത് വിതരണം നടത്തേണ്ടത്. ഈ ദൗത്യം ഭരണാധി കാരികൾ നേരിട്ട് ഏറ്റെടുക്കുകയാണ് പതിവ്. അല്ലെങ്കിൽ പ്രദേശത്തെ ജനങ്ങൾക്ക് ഇതിനായി ഒരു വിഭാഗത്തെ ചുമതല പ്പെടുത്തുകയോ, സ്വയം നിർവ്വഹിക്കുകയോ ചെയ്യാം. പാവ പ്പെട്ടവനെ ദാരിദ്രത്തിൽ നിന്ന് രക്ഷപ്പെടുത്താനും ഭാവിയിൽ അവന് വരുമാനം ലഭിക്കാനുമുള്ള ഉദ്യമങ്ങൾക്ക് മൂലധനമായി ഉപയോഗിക്കാൻ ആവശ്യം വരുന്ന തുക സക്കാത്തിൻെറ വിഹിത മായി പാവപ്പെട്ടവന് നൽകണം.

അവികലവും ഭദ്രവുമായ സാമ്പത്തിക വിതരണ ക്രമമാണ് ഇസ്ലാം ലോകത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് മനസ്സിലായല്ലോ. കഷ്ടപ്പെടുന്നവൻെറ കണ്ണീർ തുടച്ച് അവനെയും ജീവിതത്തി ൻെറ ഉന്നത ശ്രേണിയിലേക്ക് നയിക്കുന്നവന് അതുവഴി ആത്മീയ മോക്ഷമാണ് ഇസ്ലാം വാഗ്ദാനം ചെയ്തിട്ടുള്ളത്. ഇസ്ലാമിൻെറ അമൂല്യ സവിശേഷതകളിൽ ഒന്നാണിത്. ഭൗതിക-ആത്മീയ ലോകങ്ങളെ ഒരൊറ്റ ചരടിൽ കോർത്തിണക്കുകയാണ് ഇസ്ലാം ചെയ്യുന്നത്. ഭൗതിക ജീവിതത്തെ അഗണ്യകോടിയിൽ തള്ളി ആരാധനാലയങ്ങൾക്കകത്തോ വൻകാടുകൾക്ക് ഉള്ളിലൊ ഭൗതികവിരക്തനായി കഴിച്ചുകൂട്ടുന്നവനല്ല യഥാർത്ഥ മുസ്ലിം. പാരത്രികമോക്ഷമെന്ന അത്യുദാത്ത സിദ്ധാന്തമാണ് ഇതിലൂടെ ഇസ്ലാം ലോകത്തെ പഠിപ്പിക്കുന്നത്.





ഇനി ചിന്തിക്കാം. പാരത്രികമോക്ഷത്തിലധിഷ്ഠിതമായ ഇത്ര കണിശമായ സാമ്പത്തിക വിതരണ സമ്പ്രദായം ലോകത്തെ മറ്റേതെങ്കിലും പ്രത്യയശാസ്ത്രങ്ങളിൽ കണ്ടെത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഉണ്ടാകാൻ തരമില്ല. കാരണം ഇസ്ലാം ദൈവീ കമാണ്. ദൈവീകദർശനങ്ങൾക്ക് മനുഷ്യ നിർമിത ദർശനങ്ങ ളേക്കാൾ ശാശ്വതമായ സവിശേഷതകളുണ്ടായിരിക്കും.

## നോമ്പ്

ഇസ്ലാമിക കർമപദ്ധതികളിൽ നാലാം സ്ഥാനത്ത് നിൽക്കു ന്നത് നോമ്പ് അഥവാ വ്രതാനുഷ്ടാനമാണ്. മനുഷ്യ ചരിത്ര ത്തോളം പഴക്കമുള്ള കർമമാണ് വ്രതം. ഇന്നും വിവിധ സമൂഹ ങ്ങളിൽ ഇത് നിലനിൽക്കുന്നുണ്ട് രൂപത്തിലും നിയന്ത്രണ ങ്ങളിലും അവ തമ്മിൽ വൈജാത്യമുണ്ടെന്നത് മറ്റൊരു കാര്യം.

ഇസ്ലാമിലെ നോമ്പ് റമളാൻ മാസത്തിലാണ് നിർവ്വഹി ക്കപ്പെടുന്നത്. അറബി മാസങ്ങളിൽ ഒമ്പതാമത്തേതാണ് റമളാൻ. നോമ്പനുഷ്ഠിക്കാൻ കഴിവുള്ള പ്രായപൂർത്തിയെത്തിയ എല്ലാവർക്കും അത് ആചരിക്കൽ നിർബന്ധ ബാദ്ധ്യതയാണ്. പ്രഭാതം മുതൽ അസ്തമയംവരെ അന്നപാനീയങ്ങളും ലൈംഗിക ബന്ധവും പരിത്യജിച്ച് ശുദ്ധമായ സ്വഭാവ വൈശിഷ്ട്യത്തോടെ കഴിച്ചു കൂട്ടുകയാണ് നോമ്പിൻെറ രൂപം.

നോമ്പ് റമളാനിൽ നിർവ്വഹിക്കണമെന്ന് കൽപിക്കാൻ ഒരു കാരണമുണ്ട്. വിശുദ്ധ ഖുർആനിൻെറ അവതരണത്തിന് തുടക്കം കുറിച്ച മാസമാണ് റമളാൻ. ലോകനാഥനിൽ നിന്ന് മനുഷ്യവംശത്തിന് ലഭിച്ച മാർഗ്ഗദർശനവും ജീവിതരേഖയുമാണ് ഖുർആൻ. മാർഗ്ഗ ഭ്രംശത്തിലകപെട്ടുപോയ മനുഷ്യന് സൻമാർഗ്ഗത്തിൻെറ വെള്ളിവെളിച്ചം നൽകിയ മഹദ് ഗ്രന്ഥമാണത്. അത് അവതരിപ്പിച്ച അല്ലാഹുവിനോട് ഓരോ വിശ്വാസിയും നന്ദി കാണിച്ചേ പറ്റൂ. ആ നന്ദിപ്രകടനം റമളാനിലെ വ്രതാനുഷ്ഠാനത്തിലൂടെയായിരിക്കണെമെന്ന് അല്ലാഹു ആജ്ഞാപിക്കുന്നു.

മറ്റു മാസങ്ങളിൽ അനുവദനീയമായിരുന്ന പലതും പരിത്യജിച്ച് ഭക്തിസാന്ദ്രമായി ദിനരാത്രങ്ങൾ കഴിച്ചു കൂട്ടുക വഴി അല്ലാഹുവിൻെറ പ്രീതി കരസ്ഥമാക്കുകയാണ് നോമ്പിൻെറ ആത്യന്തിക ലക്ഷ്യം.

ഒരു മാസക്കാലം നീണ്ടു നിൽക്കുന്ന നോമ്പിലൂടെ വിശ്വാസികൾക്ക് ആത്മപീഢനമേൽപിക്കുകയാണ് ഇസ്ലാമെന്ന് ധരിക്കരുത്. ഇസ്ലാം ഒരിക്കലും ആത്മപീഢനത്തിന് അനുകൂലമല്ല. ഭക്ഷ്യ ഭോഗങ്ങളും ഭൗതിക സുഖങ്ങളും പാടെ ത്യജിച്ചു കൊണ്ട് വനാന്തരങ്ങളിലും പർവ്വത ശൃംഖങ്ങളിലും ധ്യാന നിരതരായി കഴിച്ചുകൂട്ടിയാൽ മോക്ഷം ലഭിക്കുമെന്ന ആശയം ഇസ്ലാമിന് അന്യമാണ്. മനുഷ്യാത്മാവിൽ നവോൻമേഷവും സ്വഭാവ നിർമലതയും സർവ്വോപരി ദൈവഭക്തിയും അങ്കരിപ്പിക്കാനുള്ള പദ്ധതിയാണ് നോമ്പ്.





വിശക്കുമ്പോൾ ഭക്ഷിക്കുക, ദാഹിക്കുമ്പോൾ പാനം ചെയ്യുക, വികരം വരുമ്പോൾ ഭോഗിക്കുക ഇവയെല്ലാം മനുഷ്യപ്രകൃതിയുടെ താൽപര്യം തന്നെയാണ്. പക്ഷെ, പ്രപഞ്ചനാഥനായ അല്ലാഹു ഇവയ്ക്ക് വിലക്ക് കൽപിച്ചാൽ ഒരു വിശ്വാസി അത് അനുസരിച്ചേ പറ്റൂ. മനുഷ്യൻെറ ഇഷ്ടാനിഷ്ടങ്ങൾക്ക് അവിടെ പ്രസക്തിയില്ല. ദൈവ കൽപനകൾ പാലിക്കുക മാത്രമാണ് അവൻെറ ബാധ്യത. റമളാൻ വ്രതം ഇവിടെ ഒരു വൻ പരീക്ഷണമായി മാറുകയാണ്. ത്യാഗത്തിൻെറ തീച്ചൂളയിൽ കിടന്ന് വെന്തെരിഞ്ഞാലും സ്വന്തം ശരീരേഛകൾ തൃണവൽഗണിച്ചുകൊണ്ട് അല്ലാഹുവിൻെറ കൽപനകൾ പാലിക്കുമോ എന്നു തെളിയിക്കാനുള്ള പരീക്ഷണവേദി.

നോമ്പിൻെറ മുപ്പത് ദിനങ്ങൾ കഴിയുന്നതോടെ വിശ്വാസിയുടെ ജീവിത വീക്ഷണവും പെരുമാറ്റ രീതിയും പരിവർത്തനവിധേയമാകുമെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. അതിനുവേണ്ടി നോമ്പിൻെറ കാലയളവിൽ വാക്കിലും പ്രവർത്തിയിലും കർശനമായ നിയന്ത്രണങ്ങളാണ് ഇസ്ലാം ഏർപ്പെടുത്തിയിട്ടുള്ളത്. അത് പാലിക്കാത്തവരുടെ നോമ്പ് ഫലശൂന്യമാണെന്ന് മുഹമ്മദ് നബി(സ) സംശയലേശമന്യേ പഠിപ്പിച്ചിട്ടുണ്ട്. ‘കള്ളവാക്കുകളും അതനുസരിച്ചുള്ള പ്രവർത്തനങ്ങളും ഉപേക്ഷിക്കാത്തവൻ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ച് നോമ്പനുഷ്ടിക്കുന്നതിൽ അല്ലാഹുവിന് ഒരു ആവശ്യവുമില്ല.’ എന്ന ആ മഹദ് വചനത്തെ അക്ഷരാർത്ഥത്തിൽ പാലിക്കുന്ന വിശ്വാസിയിൽ അനൽപമായ പരിവർത്തനമുണ്ടാകു മെന്നതിൽ സംശയം വേണ്ടതില്ല.